# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 316** **28.11.2018-ൽ മറുപടിക്ക്**

<u>വൈറോളജി സെന്റർ</u>

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അത്യാധുനിക സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയിട്ടുള്ള ഒരു വൈറോളജി സെന്റർ കേരളത്തിലില്ലാത്ത സാഹചര്യത്തിൽ ആയത് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി നാളിതുവരെ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (ബി) | ഉണ്ട്. ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമായ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ അന്താരാഷ്ട്ര നിലവാരത്തിൽ സ്വയംഭരണാധികാരമുള്ള ഗവേഷണ വികസന സ്ഥാപനമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐഎവി) എന്ന സ്ഥാപനം ആരംഭിക്കുന്നതിന് 05/03/2018-ലെ സ.ഉ.(കൈ) നം.01/2018/ശാസാവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി സ്ഥാപനം രൂപീകരിക്കുന്നതിനുള്ള പ്രാരംഭഘട്ട നടപടിയായി 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ 15 കോടി രൂപ 3425-60-200-55-36 (പി) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായുള്ള ശുപാർശകൾ പരിശോധിക്കുന്നതിനും അനുമതി ലഭ്യമാക്കുന്നതിനുമായി 18/06/2018-ലെ സ.ഉ.(കൈ) 03/2018/ശാസാവ പ്രകാരം സാങ്കേതിക സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സാങ്കേതിക സമിതിയുടെ പരിശോധനയ്ക്കും അംഗീകാരത്തിനും വിധേയമായി ഐഎവി-യുടെ പ്രീ-ഫാബ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അനുമതി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS) ക്ലിപ്തം-യ്ക്ക് നൽകി 12/09/2018-ലെ സ.ഉ.(കൈ) നം.04/2018/ശാസാവ പ്രകാരം ഉത്തരവായിട്ടുണ്ട്. ഐഎവി-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ സ്ഥാപനം എവിടെ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (സി) | തിരുവനന്തപുരം ജില്ലയിൽ തോന്നയ്ക്കൽ എന്ന സ്ഥലത്ത് കേരള സംസ്ഥാന വ്യാവസായിക വികസന കോർപ്പറേഷന്റെ കീഴിലുള്ള ലൈഫ് സയൻസ് പാർക്കിലാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**